പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാതുക ലഭിച്ചിട്ടില്ലായെന്നും ചിലരിൽ നിന്നും കൂടുതൽ പലിശ ഈടാക്കി എന്നുമാണ് പ്രധാന ക്രമക്കേടുകൾ കണ്ടെത്തിയത്.

(സി) ഉണ്ട്. SNDP യോഗം സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാതുക ലഭിച്ചിട്ടില്ലായെന്നും ചിലരിൽ നിന്നും കൂടുതൽ പലിശ ഈടാക്കി എന്നുമാണ് പ്രധാന കണ്ടെത്തൽ. വായ്പാതുക ദുർവിനിയോഗം ചെയ്തത് ബോധ്യപ്പെട്ട സാഹചര്യത്തിൽ 3 ശതമാനം പലിശയും 12 ശതമാനം പിഴപ്പലിശയും ചേർത്ത് മൊത്തം 15 ശതമാനം പലിശയ്ക്ക് മുഴുവൻ തുകയും തിരിച്ചുപിടിക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതിക്ഷേമം കോർപ്പസ് ഫണ്ട്

261 (2541) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമം കോർപ്പസ് ഫണ്ട് മുഖാന്തിരം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമാണ്, എന്നാണ് അവ പൂർത്തീകരിച്ചത്, വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ആവശ്യമായ ഫണ്ട് വകുപ്പിൽ ലഭ്യമാണോ; ഫണ്ട് നൽകേണ്ടവർക്ക് അത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഫണ്ട് നൽകിയിട്ടുണ്ട്. തുക മാറി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് തുക മാറി നൽകുന്നതിന് ബഹു. ജില്ലാകളക്ടർ, ജില്ലാപട്ടികജാതി വികസന ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാവശ്യമായ ഫണ്ട് വകുപ്പിൽ ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly